I/44059/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**കീം 2023**

**മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും നീറ്റ് യു.ജി. സ്കോർ സമർപ്പിക്കുന്നതിനുമുള്ള സമയം ദീർഘിപ്പിച്ചു**

സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് 2023-24 അധ്യയന വർഷത്തെ പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചതിൽ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ തെരഞ്ഞെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും നീറ്റ് യു.ജി. സ്കോർ സമർപ്പിക്കുന്നതിനുമുള്ള അവസരം **13.07.2023 വൈകുന്നേരം 4.00 മണി വരെ** ദീർഘിപ്പിച്ചു നൽകിയിരിക്കുന്നു.

കീം 2023 മുഖേന എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഇതിനോടകം ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കാവുന്നതാണ്.

NTA നടത്തിയ നീറ്റ് യു.ജി. 2023 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയവർക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ അപേക്ഷയിൽ കൂട്ടിച്ചേർക്കാവുന്നതാണ്. കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും നീറ്റ് യു.ജി.സ്കോർ സമർപ്പിക്കുന്നതിനും **13.07.2023 വൈകുന്നേരം 4 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും NEET UG 2023 സ്കോർ സമർപ്പിക്കുന്നതിനും 05.07.2023 തീയതിയിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള 2023-24 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും 17.03.2023 ലെ പ്രവേശനം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം

07-07-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 07-07-2023 18:45:38